# മരണം

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജനിക്കുന്നത് മരണം ആസ്വദിക്കുന്നതിനാണ്. ഭൂമിയിൽ ജനിക്കുന്നതെല്ലാം മരിക്കും. മരണം ഇല്ലാത്ത ഒരു ജീവജാലം പോലുമില്ല. ജഡവും ആത്മാവും തമ്മിലുള്ള വേർ പിരിയൽ ആണ് മലയാളത്തിൽ മരണം എന്നറിയപ്പെടുന്നത്. മരിച്ചതിനു ദിവസങ്ങൾക്കു ശേഷം ജീവിച്ചു വന്ന ആദ്യ കാല എഴുത്തുകാരനായ ലാസർ മരണ ശേഷം എന്തു സംഭവിക്കുന്നു എന്നെഴുതിയിട്ടുണ്ട്. ജഡത്തിനെ പറ്റിയല്ല; ആത്മാവിനെ പറ്റി. സ്വർഗ്ഗവും നരകവും ഉണ്ടെന്ന് അങ്ങിനെ പല മാർഗ്ഗങ്ങളിലൂടെ മനസ്സിലാക്കുന്നു.

അപ്പോൾ നമ്മൾ മരിക്കുന്നത്, മരണശേഷമുള്ള ജീവിതത്തിനു വേണ്ടിയാണെന്ന് മനസ്സിലാക്കുന്നു. നമ്മുടെ പ്രിയപ്പെട്ട ആരെങ്കിലും നമ്മളിൽ നിന്ന് വേർ പിരിഞ്ഞ്, നമ്മൾ ജീവിക്കുന്നതിനേക്കാൾ മെച്ചമായ ഒരു സ്ഥലത്തേക്കാണ് പോകുന്നതെന്ന് അറിഞ്ഞാൽ നമ്മൾ വേദനിച്ച് കരഞ്ഞ് യാത്രയാക്കുമോ? നമ്മൾ ജീവിച്ചിരിക്കുന്ന സ്ഥലത്തേക്കാൾ വളരെ മെച്ചമായ ഒരു സ്ഥലത്തേക്കാണ് പോകുന്നതെന്നറിഞ്ഞാൽ നമ്മളിൽ പലരും അസൂയപ്പെടാറുണ്ട്. എന്നാൽ നമ്മുടെ കൂടെയുള്ള ഒരാൾ സ്വർഗ്ഗത്തിന് അവകാശി ആയി പോകുന്നു എന്നറിഞ്ഞാൽ നമ്മൾ ആരെങ്കിലും ആ മരിച്ചവരെക്കുറിച്ച് അസൂയപ്പെടാറുണ്ടോ? എന്നാൽ ജീവിച്ചിരിക്കുന്ന ആരെങ്കിലും ആ സ്വർഗ്ഗത്തിൽ ചെല്ലാൻ വേണ്ടി തത്രപ്പെട്ട് മരിക്കുമോ?

ഇല്ലായെന്ന് തീർത്ത് പറയേണ്ട. ഒരാൾ, മറ്റു പലരേയും കൊന്നിട്ട് മരിച്ചാൽ സ്വർഗ്ഗത്തിൽ ചെല്ലുമെന്ന് ബോധവൽക്കരിച്ചിട്ട്, അവരെ മനുഷ്യ ബോംബുകളാക്കി തീർക്കുന്നുണ്ട്. അങ്ങിനെ ഒരാൾ സ്വർഗ്ഗത്തിന് അവകാശി ആയിത്തീരുമെന്ന് ഞാൻ എവിടേയും വായിച്ചിട്ടില്ല.

ഒരു മനുഷ്യന് ജന്മം കൊടുത്തിരിക്കുന്നത് വേറൊരാളെ കൊല്ലുന്നതിനോ കൊല്ലാൻവിധിയെഴുതുന്നതിനോ അല്ല. എന്നാൽ ജിവിച്ചിരിക്കുന്ന ഒരു സമൂഹത്തിന് മുഴുവൻ നിത്യ നാശം ഉണ്ടാക്കുന്ന ഒരാളെ കൊല്ലുന്നതിനോട് വിയോജിക്കാൻ സാദ്ധ്യമല്ലോ. ഒരു വ്യക്തി വിചാരിച്ചാൽ വേറൊരു വ്യക്തിക്കു ജന്മം നൽകാൻ സാധിക്കത്തില്ലല്ലോ. ആണും പെണ്ണും കൂടെ വിചാരിച്ചാൽ, പുതിയ ഒരു ജന്മം കൊടുക്കാൻ സാധിക്കത്തില്ല. പ്രത്യുത, മൂന്നാമതൊരു അദൃശ ശക്തി കൂടെ വിചാരിച്ചാൽ മാത്രമേ സാധിക്കത്തുള്ളു എന്നഭിപ്രായക്കാരനാണ്. ആ മൂന്നാമത്തെ അദൃശ ശക്തിക്കു മാത്രമേ മരണം നൽകാൻ അധികാരമുള്ളു. തൂക്കി കൊല്ലാൻ വിധിയെഴുതുന്ന നല്ല വിധികർത്താവ്, ആ വിധിക്കു ശേഷം, ആ വിധിയെഴുതുന്ന തൂലികയുടെ മുന ഒടിച്ചു കളഞ്ഞിരുന്നു എന്ന് വായിച്ചിട്ടുണ്ട്.

മരണത്തെ ആഗ്രഹിക്കാത്ത മനുഷ്യൻ, മരണ ശേഷം സ്വർഗ്ഗത്തിന് അവകാശി ആകുമെന്നറിഞ്ഞാൽ, ആ വ്യക്തി അതിന് യോഗ്യതയുള്ള ആളാണെങ്കിൽ, തീർച്ചയായും മരണത്തിൽ ദുഃഖിക്കുകയില്ല. ജീവിച്ചിരിക്കുമ്പോൾ സ്വർഗ്ഗത്തിന് അവകാശി ആയി തീരുന്നതിനുള്ള കാര്യങ്ങൾ ചെയ്യാൻ നമ്മൾ ഓരോരുത്തരും ബാദ്ധ്യസ്ഥരാണ്. മരണം എന്നത് എപ്പോൾ സംഭവിക്കുമെന്നറിയാത്തതു കൊണ്ട്, സ്വർഗ്ഗാവകാശി ആയി തീരുവാൻ വേണ്ടതു ചെയ്യാനായിട്ടാണ് നമ്മൾ ഈ ഭൂമിയിൽ ജനിച്ചതെന്ന് ഓർമ്മിച്ചു ജീവിക്കുന്നത് നല്ലതാണ്.

തൂക്കികൊല്ലാൻ വിധിച്ചിരിക്കുന്ന വ്യക്തിക്ക് സ്വർഗ്ഗാവകാശി ആയ് തിരാനുള്ള കാര്യങ്ങൾ ചെയ്യാൻ സമയം കിട്ടുന്നു. അതുകൊണ്ടാണ്, ശ്രീയേശുവിനെ ക്രൂശിക്കപ്പെട്ടപ്പോൾ രണ്ടു കള്ളന്മാരെ ഇരുവശങ്ങളിലായി തൂക്കി സമയം കൊടുത്തത്. അതുകൊണ്ട്, ഒരുവനെങ്കിലും അവസാന നിമിഷം ജീവിതകാലത്ത് ചെയ്ത അപരാധങ്ങൾക്ക് മാപ്പപേക്ഷിച്ച് സ്വർഗ്ഗരാജ്യത്തിന് അവകാശി ആയ് തീർന്നതെന്ന് വായിച്ചു പഠിക്കുന്നത്. അപ്പോൾ തൂക്കികൊല്ലാൻ വിധിക്കപ്പെട്ട ഒരാൾക്ക് മരണ ദിനം അറിയാവുന്നതുകൊണ്ട് സ്വർഗ്ഗരാജ്യത്തിന് അവകാശി ആയി തീരാനുള്ള ഭാഗ്യം കിട്ടുന്നു. അപ്പോൾ മരിക്കുന്നതല്ല; മരിക്കാതെ കഷ്ടപ്പെട്ട് സകല വിധ യാതനകളും സഹിച്ച് മരണം വേഗം വരണമേയെന്നർത്ഥിച്ചു കഴിയുന്നതാണ് സഹിക്കവയ്യാത്തതായിട്ടുള്ളത്.

ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്ന ഓരോ വ്യക്തിയും, ഇനിയും ധാരാളം സമയമുണ്ടല്ലോ ഒരുങ്ങി മരണം ആസ്വദിക്കാമെന്നു വിചാരിച്ചാൽ അതിൽ പരം അബദ്ധം വേറൊന്നുമല്ല. ജഡീക സുഖങ്ങൾ ആസ്വദിക്കുന്ന ഏതൊരാൾക്കും മരണത്തിനു വേണ്ടി ഒരുങ്ങാൻ സമയം കിട്ടത്തില്ലന്നു മാത്രമല്ല, മരണത്തെ വളരെ അധികം ഭയപ്പെടുകയും ചെയ്യും. ദിവസവും ഭിക്ഷ യാചിച്ച് പെരുവഴിയിൽ കിടക്കുന്ന ഒരാൾക്ക് ഒരിക്കലും മരണത്തെ ഭയപ്പെടുകയില്ല.

അപ്പോൾ ശയ്യാവലംബിയായി, പരാശ്രയത്തോട് കഴിയുന്നവനും, പെരുവഴിയിൽ കിടന്നുറങ്ങുന്ന ഭിക്ഷക്കാരനും, മരണ ദിവസം സൂക്ഷം അറിയാവുന്ന ഒരു വ്യക്തിക്കും മരണത്തെ ഭയപ്പെടേണ്ടതില്ല. ഒരു വ്യക്തിയെ വേറൊരു വ്യക്തി കൊല ചെയ്താൽ മരണപ്പെടുന്ന വ്യക്തി സ്വർഗ്ഗത്തിന് അവകാശി ആയിത്തീരുകയില്ല. ആ വ്യക്തിക്ക് മരിക്കാനുള്ള ഒരുക്കങ്ങൾ ചെയ്യാൻ സാധിച്ചിട്ടില്ല. ഭൂമിയിൽ ജിവിച്ചിരിക്കുമ്പോൾ ഏതൊരു കാര്യത്തിനും ഒരുക്കം ചെയ്യുന്നതുപോലെ, മരിക്കുന്നതിനു മുമ്പ് അതിനു വേണ്ട ഒരുക്കം ചെയ്യാൻ നമ്മൾ ഓരോരുത്തരും ബാദ്ധ്യസ്ഥരാണ്. മരണം മുന്നമേ അറിയാത്ത സാധാരണ മനുഷ്യൻ എപ്പോഴും മരണത്തിനു വേണ്ടി ഒരുങ്ങേണ്ടതാണ്. സുഖകരമായ ഒരു ജീവിതം നയിക്കുന്ന ഒരു വ്യക്തിയോടെ മരണത്തിന് വേണ്ടി ഒരുങ്ങുക എന്നു പറയാൻ പ്രയാസമാണ്. എന്നാൽ ആ സുഖകരമായ ജീവിതത്തിനിടയിൽ മരണത്തിനു വേണ്ടി ഒരുങ്ങാൻ കഴിയണം. അതിനർത്ഥം മരിച്ചു കഴിഞ്ഞാൽ വിലകൂടിയ ശവപ്പെട്ടിയിൽ കിടത്താനോ, ബാന്റും മേളവും വെച്ച് ആഭാടത്തോടെ ശവമടക്കു നടത്തണമെന്നല്ല.

മരിച്ചു കഴിഞ്ഞാൽ അവയവ ദനത്തെക്കുറിച്ച് ഏതാനം ക്രിസ്ത്യാനികൾക്ക് ഇഷ്ടമല്ലാത്തതിനു കാരണം: ഒരിക്കൽ യേശു ക്രിസ്തു വന്ന് ആ മരിച്ച അവരെ കൂട്ടി കൊണ്ടു പോകുമ്പോൾ താൻ ആ അവയവം ഇല്ലാത്ത വ്യക്തി ആയി പോകേണ്ടി വരുമല്ലോ എന്ന വ്യഥ ആണ്. എന്തായാലും താർക്കികമായ ആ വിഷയത്തെപറ്റി അധികം എഴുതാൻ ഉദ്ദേശിക്കുന്നില്ല.

ഈ ഭൂമിയിലെ ജഡീക സുഖങ്ങൾ എല്ലാം പരിപൂർണ്ണം ആസ്വദിച്ച് ജീവിക്കുന്ന ഒരാൾക്കു പോലും ഒരിക്കലും സ്വർഗ്ഗത്തിന് അവകാശി ആയിത്തീരുകയില്ല. ആ വ്യക്തി ജീവിച്ചിരിക്കുമ്പോൾ ദേവാലയങ്ങൾക്ക് ധാരാളം ദ്രവ്യം നൽകിയതുകൊണ്ടോ, രാപകലില്ലാതെ പ്രാർത്ഥനകൾ നടത്തിയതുകൊണ്ടോ, ദരിദ്രർക്ക് ധാരാളമായ സഹായങ്ങൾ ചെയ്തു കൊടുത്തതു കൊണ്ടോ ഒന്നും സ്വർഗ്ഗരാജ്യത്തിന് അവകാശി ആകത്തില്ല. ജീവത കാലം മുഴുവനും ഈ ലോകത്തിലുള്ള സകല വിധ പാപങ്ങളും ചെയ്താലും അവസാനം അനുതപിക്കാൻ കഴിഞ്ഞാൽ, തീർച്ചയായും മോക്ഷ രാജ്യത്തിന് അവകാശി ആയിത്തീരും. ഇതു വായിക്കുന്ന ഏവരും, നാളേക്കു നോക്കിയിരിക്കാതെ, ഇപ്പോൾ മുതൽ മോക്ഷ രാജികളാകാൻ ശ്രമിക്കൂ.